**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 650** **11-06-2014-ൽ മറുപടിയ്ക്ക്**

# ഫോർപ്ലസ് പദ്ധതി

ചോദ്യം

ശ്രീ. വി.എസ്. സുനിൽകുമാർ
ശ്രീ. കെ. അജിത്ത്
ശ്രീമതി. ഗീതാ ഗോപി
ശ്രീ. ഇ. കെ. വിജയൻ

മറുപടി

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

| | |
|---|---|
| എ) ചിക്കൻഗുനിയ, ഡെങ്കിപ്പനി, മലേറിയ, ലെപ്റ്റോ സ്പൈറോസിസ് തുടങ്ങിയ പകർച്ച വ്യാധികൾ നിയന്ത്രിക്കുന്നതിന് ഫോർ പ്ലസ് പദ്ധതി എന്നുമുതലാണ് സംസ്ഥാനത്ത് നടപ്പാക്കിവന്നിരുന്നത്; ഈ പദ്ധതി ഇപ്പോഴും തുടരുന്നുണ്ടോ ; ഇല്ലെങ്കിൽ നിറുത്തിവച്ചതെന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ? | സംസ്ഥാനത്ത് ഓരോ വർഷവും പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ വലിയ പ്രാധാന്യത്തോടെ നടപ്പിലാക്കി വരുന്നുണ്ട്. 2010 — ൽ സംസ്ഥാനത്ത് നടപ്പിലാക്കിയ രോഗ നിയന്ത്രണ പ്രതിരോധ പദ്ധതിയാണ് ഫോർപ്ലസ് പദ്ധതി. ഈ പരിപാടിയിൽ പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഓരോ വർഷവും പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് ആരോഗ്യ വകുപ്പ് കർമ്മ പരിപാടികൾ തയ്യാറാക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. ഓരോ വർഷത്തെയും പരിപാടികൾക്ക് ഓരോ പ്രത്യേക പേരാണ് നൽകാറുള്ളത്. 2010 ൽ 'ഫോർ പ്ലസ് തീവ്രയജ്ഞം' എന്ന പേരാണ് നൽകിയത്. |
| (ബി) തീരപ്രദേശങ്ങൾ, മലയോര മേഖലകൾ, പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ, ആദിവാസി സെറ്റിൽമെന്റുകൾ തുടങ്ങിയ മേഖലകളിൽ പകർച്ച വ്യാധികൾ കൂടുതലാണെന്ന് ആരോഗ്യവകുപ്പും, ലോകാരോഗ്യ സംഘടനയും നടത്തിയ പഠനങ്ങൾ കണ്ടെത്തിയിട്ടുണ്ടോ, ഉണ്ടെങ്കിൽ ഈ മേഖലകളിൽ പകർച്ച വ്യാധികൾ തടയുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ? | ബി) തീരപ്രദേശങ്ങൾ, മലയോര പ്രദേശങ്ങൾ, പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ, ആദിവാസി സെറ്റിൽമെന്റുകൾ തുടങ്ങിയ മേഖലകളിൽ ചിലയിടങ്ങളിൽ പകർച്ച വ്യാധികൾ കൂടുതലാകാൻ സാദ്ധ്യതയുള്ളതിനാൽ ജില്ലാതല പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മ പരിപാടിയിൽ ഇത്തരം മേഖലകൾക്ക് പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്. വിവിധ വകുപ്പുകളുടെ പങ്കാളിത്തത്തോടെ നടത്തുന്ന ഏകോപന സമിതി യോഗങ്ങളിൽ ഈ പ്രദേശങ്ങളിലെ രോഗ പ്രതിരോധ നിയന്ത്രണ കാര്യങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകി പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**